**കഥ**



യൂസുഫ് അബൂ റയ്യ

# അന്ധബാലൻ കിനാവ് കാണുന്നു

യൂസുഫ് അബൂ റയ്യ

**ഇന്ന്** വെള്ളിയാഴ്ച. അന്ധനായ കുട്ടി ഉമ്മയോടൊത്ത് പള്ളിക്കാട്ടിലേക്ക് നടന്നു. ഖബ്റിസ്ഥാനിൽ പെണ്ണുങ്ങൾ വല്യുപ്പയോടും ഉമ്മയോടും വേണ്ടപ്പെട്ടവരോടുമൊത്ത് വിലപിക്കുന്നുണ്ടായിരുന്നു.

അവൻ വായിച്ചറിഞ്ഞ ഖുർആൻ എല്ലാറ്റിനോടും അനുകമ്പ നിറഞ്ഞതാണ്.

സ്ത്രീകളിരിക്കുന്നിടത്ത് ഉമ്മ അവനെ ഇരുത്തി. അവൻ ഓതാൻ തുടങ്ങി. "പറയുക, അല്ലാഹു ഏകനാണ്. അവനാണ് അന്തിമ അഭയസ്ഥാനം."

"പറയുക, മാനുഷ്യകത്തിന്റെ രക്ഷിതാവിങ്കൽ, മാനുഷ്യകത്തിന്റെ അധിപതിയിൽ ഞാനഭയം തേടുന്നു." പാരായണത്തിന് പ്രതിഫലമായി റൊട്ടി സ്വീകരിച്ചു. കുട്ട നിറഞ്ഞതിനു ശേഷം മാത്രമാണ് ഉമ്മയും അവനും വീട്ടിലേക്ക് മടങ്ങിയത്.

മറ്റു ദിവസങ്ങളിൽ അതിരാവിലെ തന്നെ ഉമ്മ അവനെ ശൈഖിന്റെയടുത്തേക്ക് കൊണ്ടുപോകും. അവിടെ മറ്റു കുട്ടികളോടൊപ്പം ചേർന്ന് ഖുർആൻ പാരായണം ചെയ്യും. അവൻ പ്രവാചക ജീവിതത്തെക്കുറിച്ചും കേട്ടറിഞ്ഞു; എല്ലാ കുഞ്ഞു



ങ്ങളെയും പോലെ നബിയും കുഞ്ഞായിരുന്നുവെന്ന്, അനാഥനും ദരിദ്രനുമായിരുന്നുവെന്ന്.... എന്നിട്ടും മുതിർന്നപ്പോൾ അദ്ദേഹം തന്റെ ജനതയോട് പറഞ്ഞു: “നിങ്ങളുടെ ദൈവങ്ങൾ കല്ലുകൊണ്ടുള്ള വയാണ്. അല്ലാഹുവാകട്ടെ ആകാശഭൂമികളുടെ പ്രകാശമാണ്”

അദ്ദേഹം അനുയായികളോട് പറഞ്ഞു: “മനുഷ്യർ ചീർപ്പിന്റെ പല്ലുകൾ പോലെ സമന്മാരാണ്”. കരുത്തുറ്റ കുതിരയിൽ സവാരി ചെയ്ത പ്രവാചകൻ, തീകൊണ്ടുള്ള വാളുമേന്തി അജ്ഞതയുടെ ഘനാന്ധകാരത്തെ നിഷ്കാസനം ചെയ്തു. ജനങ്ങൾക്കായി വെളിച്ചത്തിന്റെ നഗരം നിർമിച്ചു.

പ്രവാചകനെ കുറിച്ച കാര്യങ്ങൾ ആവർത്തിച്ചുരുവിടുന്നതിൽ പിശക് സംഭവിച്ചാൽ മരവടി കൊണ്ട് ശൈഖ് അവനെ തല്ലുമായിരുന്നു. എന്നാൽ ശൈഖിന്റെ ധാരണകൾ പിഴച്ചുപോയി. ഉന്നതമായ പ്രകാശമെന്നോണം അവന്റെ നെഞ്ചിനുള്ളിൽ പ്രവാചകൻ ജ്വലിച്ചുനിന്നു. അവന്റെ നിശാസ്വപ്നങ്ങളിൽ പ്രവാചകൻ പ്രകാശം വിതറി കടന്നുവന്നു.

സ്വപ്നത്തിൽ പ്രവാചകൻ വെള്ള വസ്ത്രം ധരിച്ച് വെള്ളക്കുതിരമേൽ സവാരി ചെയ്തു. മഞ്ഞ നിറമുള്ള മണലിൽ പതിയുന്ന കുതിരയുടെ കാലിനടിയിലൂടെ, നിഴലും വെളിച്ചവും അവൻ കണ്ടു. മൂന്നു നക്ഷത്രങ്ങളാൽ വെട്ടിത്തിളങ്ങുന്ന പതാകയോ സൂര്യ പ്രകാശത്താൽ വെട്ടിത്തിളങ്ങുന്ന കരവാളോ പിടിക്കാൻ ആ കുഞ്ഞുകൈകൾ സ്വപ്നത്തിൽ നീണ്ടുപോവാറുണ്ടായിരുന്നു.

മറ്റവസരങ്ങളിൽ അവൻ, താൻ ചുവന്ന തലപ്പാവും നീളൻ വസ്ത്രവുമണിഞ്ഞ് പീഠത്തിനു മുകളിൽ കയറിനിന്ന് ജനങ്ങളെ അഭിമുഖീകരിക്കുന്നതായി സ്വപ്നം കാണാറുണ്ട്. അവന്റെ വാക്കുകൾ കേട്ട് ഹൃദയങ്ങൾ പ്രകാശപൂരിതമാവുകയും അവർക്കത് വഴിവെളിച്ചമായി ത്തീരുകയും ചെയ്യും. പിന്നീട് ഖുർആൻ സൂക്തങ്ങൾ ആലേഖനം ചെയ്ത മിഹ്റാബിൽ കയറിനിന്ന് അവൻ നമസ്കാരത്തിനു നേതൃത്വം നൽകും. അവന്റെ കൈകൾ ഉയരുമ്പോൾ, കാലുകളനക്കുമ്പോൾ ജനം പിന്തുടർന്നു. അവൻ പറയുന്നു: “നിന്റെ കോപത്തിനിരയായവരൊഴിച്ച്, നിന്നിൽനിന്നും വ്യതിചലിച്ചവരൊഴിച്ച്.”

ഒരൊറ്റ ശബ്ദത്തിൽ അവരൊന്നടങ്കം ആമീൻ പറഞ്ഞു.

അവനുണർന്ന് കൺതുറന്നപ്പോൾ അറ്റമില്ലാത്ത ഇരുട്ടല്ലാതെ മറ്റൊന്നും അവന്റെ മുമ്പിൽ ഇല്ലായിരുന്നു.

രാക്കിനാവിൽ ചകിതനായി എഴുന്നേറ്റ് വുദൂവെടുത്തു. തന്റെ വടി നിലത്തുതട്ടി പള്ളിയിലേക്കു പോയി. അവിടെ ജനങ്ങളോടൊപ്പം ചേർന്ന് ആമീൻ പഞ്ഞു.

വെളിച്ചം പരന്നു. ജനങ്ങൾ തെരുവിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ഉമ്മ അവനെ ശൈഖിന്റെ അടുത്തേക്ക് കൊണ്ടുപോയി. അവിടെ മറ്റു കുട്ടികളോടൊപ്പം ചേർന്ന് ഖുർആൻ ഓതിയും നബിചരിതം കേട്ടു പഠിച്ചും അവനിരുന്നു. വെള്ളിയാഴ്ചകളിൽ മരിച്ചവർക്കുവേണ്ടി ഓതാറുണ്ടായിരുന്നതിനാൽ അവന്റെ കുട്ട ചെറുതും വലുതുമായ റൊട്ടിക്കഷ്ണങ്ങളാൽ നിറഞ്ഞുകവിഞ്ഞിരുന്നു. ■

(ഡെനിസ് ജോൺസൺ-ഡേവിഡ് വിവർത്തനവും എഡിറ്റിംഗും നിർവഹിച്ച Modern Arabic Fiction എന്ന സമാഹാരത്തിൽനിന്ന്

യൂസുഫ് അബൂ റയ്യ- 1955ൽ ഈജിപ്തിൽ ജനിച്ചു. *വെഡിംഗ് നൈറ്റ്* എന്ന നോവലിന് 2005ലെ നജീബ് മഹ്ഫൂസ് അവാർഡ്. **വിവ: കെ. അശ്റഫ്)**